# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു. ചെയർപേഴ്സൺ

**എച്ച്. ആർ.എം.പി നമ്പർ : 1781/11/12/2025/TVM**

പരാതികക്ഷി — പ്രസന്നകുമാരി എസ്.കെ, പാലാഴി,
വെള്ളായണി, നേമം പി.ഒ തിരുവനന്തപുരം

എതിർകക്ഷി

**ഉത്തരവ് തീയതി : 03. 06. 2025**

പരാതികക്ഷിയുടെ അയൽവാസികളായ സുനിതയും അവരുടെ ഭർത്താവ് മഹേശ്വരനും ചേർന്ന് വീട്ടിൽ ഉപദ്രവങ്ങൾ ചെയ്യുന്നെന്നും കുടിക്കുന്ന വെള്ളത്തിൽ എലിവിഷം കലർത്തുന്നുവെന്നും രാത്രികാലങ്ങളിൽ വീടിന്റെ ജനാലകൾ കമ്പിപ്പാരകൊണ്ട് തല്ലിപൊട്ടിക്കുന്നെന്നും മറ്റുമാണ് പരാതി.

2. നേമം പോലീസ് സ്റ്റേഷൻ, ഇൻസ്പെക്ടർ സ്റ്റേഷൻ ഹൌസ് ഓഫീസർ 02.04.2025 ലെ റിപ്പോർട്ട് ഫയൽ ചെയ്തു. അന്വേഷണത്തിൽ നിന്നും ആവലാതിക്കാരിയും ഭർത്താവും പ്രായാധിക്യം ചെന്നവരും ടിയാൾക്കാരുടെ മക്കൾ പ്രത്യേകം കുടുംബമായി മറ്റ് സ്ഥലങ്ങളിൽ താമസിച്ചുവരുന്നെന്നും എതിർകക്ഷിയുടെ പുരയിടത്തിലെ മരത്തിൽ നിന്നും ഇലകൾ ആവലാതിക്കാരിയുടെ പുരയിടത്തിൽ വീഴുന്നതല്ലാതെ മറ്റ് സംഭവങ്ങളൊന്നും ടി സ്ഥലത്ത് നടന്നിട്ടില്ലായെന്നും ഇത്തരത്തിലുള്ള നിരവധി പരാതികൾ പരാതികക്ഷി വിവിധ സ്ഥലങ്ങളിൽ നൽകിയിട്ടുള്ളതായും പരാതിക്കാരിയുടെ പുരയിടത്തിലേക്ക് മരങ്ങളിൽ നിന്നും ഇല പൊഴിയുന്നുവെന്നുള്ളതിനാൽ എതിർകക്ഷി ടി മരങ്ങളുടെ ശിഖരങ്ങൾ ഉടൻ തന്നെ മുറിച്ച് മാറ്റുന്നതിന് എതിർകക്ഷിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും മറ്റ് സംഭവങ്ങളൊന്നും ടി സ്ഥലത്ത് നടന്നിട്ടില്ലായെന്ന് അന്വേഷണത്തിൽ നിന്നും പൂർണ്ണമായി വെളിവായിട്ടുണ്ടെന്നുമാണ് റിപ്പോർട്ട്.

3. പരാതിക്കാരി ഹാജരായി പരാതി സംഗതി ആവർത്തിച്ചു. റിപ്പോർട്ടിനെതിരെ ആക്ഷേപം ഫയൽ ചെയ്തു. അപകടകരമായ വൃക്ഷങ്ങൾ / വൃക്ഷശിഖരങ്ങൾ മുറിഞ്ഞു മാറ്റുന്നതിനായി കല്ലിയൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 27.05.2025 ന് എതിർകക്ഷി സുനിത മഹേശ്വരന് കൊടുത്ത നോട്ടീസിന്റെ പകർപ്പും പരാതിക്കാരി ആക്ഷേപത്തോടൊപ്പം ഹാജരാക്കി. മേൽ നോട്ടീസ് കിട്ടി 7 ദിവസത്തിനകം ശിഖരങ്ങൾ മുറിച്ചു മാറ്റി വിവരം പഞ്ചായത്തിനെ രേഖാമൂലം അറിയിക്കണം അല്ലാത്ത പക്ഷം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 238 (I) (A) പ്രകാരം ശിഖരങ്ങൾ മുറിച്ചു മാറ്റി ആയതിനു ചിലവാകുന്ന തുക എതിർകക്ഷികളിൽ നിന്നും ഈടാക്കുന്നതാണെന്നും ടി നോട്ടീസിൽ പറഞ്ഞിട്ടുണ്ട്.

4. പരാതിക്ക് പരിഹാരമായിട്ടില്ലെന്ന് ഹർജിക്കാരി ആവർത്തിക്കുന്ന സാഹചര്യത്തിൽ ഹർജിക്കാരിക്കും എതിർകക്ഷിക്കും മുൻകൂട്ടി നോട്ടീസ് കൊടുത്ത് LSGD Assistant Engineer റെ ക്കൊണ്ട് സ്ഥല പരിശോധന നടത്തി Assistant Engineer ൽ നിന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ലഭ്യമാക്കണം. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 238 (I) (A) പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് 3 ആഴ്ച്ചക്കുള്ളിൽ പരാതിക്ക് ശാശ്വത പരിഹാരം ഉണ്ടാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് പരാതി കമ്മീഷൻ തീർപ്പാക്കുന്നു. പരാതിക്കാരനും കല്ലിയൂർ പഞ്ചായത്ത് സെക്രട്ടറിക്കും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക.

( ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ.